**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4146** **28-10-2021 - ൽ മറുപടിയ്ക്ക്**

**നികുതിചോർച്ചയും ഉപഭോക്തൃ ചൂഷണവും തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ലോക്ഡൗൺ കാലയളവിൽ കടകളും ഇതരസ്ഥാപനങ്ങളും ഉപഭോക്താക്കൾക്ക് ബിൽ നല്കാതെ സാധന സാമഗ്രികൾ നൽകിവന്നതായും തുടർന്ന് ലോക്ഡൗൺ പിൻവലിച്ചതിനുശേഷവും ചില സ്ഥാപനങ്ങൾ ആയത് തുടരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ നികുതിചോർച്ചയ്ക്കും ഉപഭോക്തൃ ചൂഷണത്തിനും കാരണമാകുന്ന ഇത്തരം പ്രവർത്തനങ്ങൾ തടയുവാനായി സ്വീകരിയ്ക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ബി) | ജി എസ് ടി നിയമപ്രകാരം വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം ഇത്തരം കടകളിൽ ടെസ്റ്റ് പർച്ചേസ് നടത്തുകയും നിയമാനുസൃതമുള്ള ബിൽ നൽകുന്നില്ല എന്ന് തെളിയുന്ന പക്ഷം പിഴ ഈടാക്കുകയുമാണ് ചെയ്തു വരുന്നത്. ഇത് കൂടാതെ ബിൽ വാങ്ങേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് ഉപഭോക്താക്കൾക്ക് ബോധവൽക്കരണം നടത്തുന്നതിനുള്ള നിരവധി പ്രോഗ്രാമുകളും വകുപ്പ് ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ